പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ- 165    18-06-2012 - ൽ മറുപടിക്ക്

# സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി

ശ്രീ.കെ. എൻ.ഖാദർ
ശ്രീ. എം. ഉമ്മർ
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

ശ്രീ. കെ.എം. മാണി
(ബഹു, ധനം, നിയമ ഭരണ നിർമ്മാണ വകുപ്പ് മന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രവർത്തനം ജനോപയോഗപ്രദമാക്കാൻ ഉദ്ദേശിച്ച് കൂടുതൽ നടപടികൾ ആലോചിക്കുന്നുണ്ടോ; | കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രധാന പ്രവർത്തനമേഖലകൾ സൗജന്യ നിയമ സഹായം, നിയമ ബോധവൽക്കരണം, ബദൽ തർക്ക പരിഹാര സംവിധാനം, നിയമസഹായ ക്ലിനിക്കുകൾ എന്നിവയാണ്. കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ അനുബന്ധ സ്ഥാപനങ്ങളായ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികളും, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളും മുഖേനയാണ് പ്രധാനമായും ജനങ്ങളിലേയ്ക്ക് ഈ പ്രവർത്തനങ്ങൾ എത്തിച്ചേരുന്നത്. ലീഗൽ സർവ്വീസസ് സ്ഥാപനങ്ങളുടെ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 14 ജില്ലാ കേന്ദ്രങ്ങളിലും പറവൂർ, മാവേലിക്കര എന്നീ കേന്ദ്രങ്ങളിലെ അഡീ.ജില്ലാ കോടതികളോടനുബന്ധിച്ചും എ.ഡി.ആർ.സെന്ററുകൾ (Alternative Dispute Resolution Centres) സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. വിവിധ |

| | | |
|---|---|---|
| | | വിഭാഗം ആളുകളിൽ നിന്നും തെരഞ്ഞെടുത്തിട്ടുള്ള സന്നദ്ധ പ്രവർത്തകരെ (Para Legal Volunteers) നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ ക്കനുസൃതമായി പരിശീലനം കൊടുക്കുകയും അവരുടെ സേവനം ഉപയോഗിച്ച് സമൂഹത്തിന്റെ എല്ലാത്തട്ടിലുമുള്ള ആളുകൾക്ക് ലീഗൽ സർവ്വീസസ് അതോറിറ്റികളുടെ സേവനങ്ങൾ സംബന്ധിച്ച് അറിവ് നൽകിവരികയും ചെയ്യുന്നു. ജനങ്ങളുമായി നേരിട്ട് ഇടപഴകുന്ന ഉദ്യോഗസ്ഥർക്ക് വിവിധ നിയമങ്ങളെക്കുറിച്ച്, പ്രത്യേകിച്ച് ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ടിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ച്, നിരന്തരം പരിശീലന ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവർക്കായും ഇത്തരത്തിലുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. |
| (ബി) | കോടതികേസുകളിൽ സൗജന്യനിയമസഹായം നൽകുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്ടിന്റെ സെക്ഷൻ 12-ൽ അനുശാസിക്കുന്നതിൻപ്രകാരം താഴെപ്പറയുന്ന വിഭാഗം ആളുകൾ സൗജന്യ നിയമസഹായത്തിന് അർഹരാണ്.<br>(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ.<br>(ബി) മനുഷ്യക്കടത്തിനിരയാക്കപ്പെട്ട ആൾ/യാചകൻ. |

| | | |
|---|---|---|
| | | (സി) സ്ത്രീകൾ, കുട്ടികൾ.<br>(ഡി) വികലാംഗർ.<br>(ഇ) പ്രകൃതി ദുരന്തം, വംശീയ കലാപം, വ്യാവസായിക ദുരന്തം മുതലായവയ്ക്ക് ഇരയായവർ.<br>(എഫ്) വ്യാവസായിക തൊഴിലാളികൾ.<br>(ജി) ജുഡീഷ്യൽ കസ്റ്റഡി, Immoral Traffic (Prevention) Act, 1956 ന്റെ സെക്ഷൻ 2(ജി)-ൽ പറയുന്നതിൻ പ്രകാരം പ്രൊട്ടക്റ്റീവ് ഹോമുകളിലും Juvenile Justice Act, 1986 ന്റെ സെക്ഷൻ 2 (ജെ)-ൽ പറയുന്നതിൻപ്രകാരം ജുവനൈൽ ഹോമുകളിലും Mental Health Act 1987 ന്റെ സെക്ഷൻ 2 (ജി) -ൽ പറയുന്നതിൻ പ്രകാരം മാനസികരോഗാശുപത്രിയിലും കസ്റ്റഡിയിലുള്ളവർ.<br>(എച്ച്) സുപ്രീം കോടതി ഒഴികെയുള്ള മറ്റു കീഴ്കോടതികളിൽ കേസ് നടത്തുന്നതിന് സൗജന്യ നിയമസഹായം ലഭിക്കുന്നതിനായി ഒരു ലക്ഷം രൂപയിൽ കവിയാത്ത വാർഷികവരുമാനവും സുപ്രീം കോടതിയിൽ കേസ് നടത്തുന്നതിന് സൗജന്യ നിയമസഹായം ലഭിക്കുന്നതിനായി ഒന്നേകാൽ ലക്ഷം രൂപയിൽ കവിയാത്ത വാർഷിക വരുമാനവുമാണ് മാനദണ്ഡം. |
| (സി) | 2011-12ൽ സംസ്ഥാനത്തൊട്ടാകെ എത്രപേർക്ക് നിയമസഹായം നൽകിയിട്ടുണ്ട്; | 2011-12-ൽ സംസ്ഥാനമൊട്ടാകെ 10312 പേർക്ക് സൗജന്യ നിയമസഹായം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | തർക്കങ്ങൾ കോടതിയ്ക്ക് പുറത്ത് തീർപ്പാക്കുന്നതിന്റെ ഭാഗമായി അദാലത്തുകൾ സംഘടിപ്പിക്കാറുണ്ടോ; എങ്കിൽ അത്തരം അദാലത്തുകളിൽ നിന്നും ലഭിച്ച അറിവുകൾ വിവിധ കോടതികളിൽ കെട്ടിക്കിടപ്പുള്ള ലക്ഷക്കണക്കിന് കേസുകളിൽ വേഗത്തിൽ തീർപ്പുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പ്രധാന പ്രവർത്തനമേഖലകളിലൊന്നാണ് 'ലോക് അദാലത്ത്' ഉൾപ്പെടുന്ന ബദൽ തർക്ക പരിഹാര സംവിധാനം Alternative Dispute Resolution (ADR)Mechanism. കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ലോക് അദാലത്തുകളിൽ കോടതിയുടെ പരിഗണനയ്ക്ക് എത്തുന്നതിനു മുൻപുള്ള കേസുകളും (പ്രീ-ലിറ്റിഗേഷൻ ഘട്ടത്തിലുള്ളവ), നിലവിൽ കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസുകളും (പോസ്റ്റ് - ലിറ്റിഗേഷൻ ഘട്ടത്തിലുള്ളവ) പരിഗണിക്കുകയും ഉഭയകക്ഷി സമ്മതപ്രകാരം തീർപ്പാക്കുകയും ചെയ്തുവരുന്നു. 2011-12-ൽ 25259 കേസുകളിൻമേലാണ് ലോക് അദാലത്തുകൾ മുഖേന തീർപ്പു കൽപ്പിച്ചത്. ഇതിൽ 10205 എണ്ണം പ്രീ-ലിറ്റിഗേഷൻ ഘട്ടത്തിലുള്ളവയും 15054 എണ്ണം പോസ്റ്റ്-ലിറ്റിഗേഷൻ ഘട്ടത്തിലുള്ളവയും (കോടതിയിൽ നിലവിലുള്ളത്) ആണ്. ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റികൾ ആഴ്ചതോറും സംഘടിപ്പിക്കുന്ന ലോക അദാലത്തുകളിൽ വിവിധ കോടതികളിലെ കേസുകൾ അതിവേഗം തീർപ്പാക്കിവരുന്നു. 2012 ഫെബ്രുവരി 23-ന് എറണാകുളത്ത് ഫ്ളാഗ് ഓഫ് ചെയ്ത 'സഞ്ചരിക്കുന്ന അദാലത്ത്' ഇപ്പോൾ പത്തനംതിട്ട ജില്ലയിൽ അദാലത്തുകൾ |

| | | |
|---|---|---|
| | | നടത്തിവരികയാണ്. അവിടെയും പ്രീ-ലിറ്റിഗേഷൻ, പോസ്റ്റ് ലിറ്റിഗേഷൻ കേസുകൾ പരിഗണിക്കുന്നുണ്ട്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.